വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ വിദേശ പര്യടനത്തിന് ചെലവായ തുക

1405. [2000] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31-5-1985 വരെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി വിദേശ രാജ്യങ്ങൾ സന്ദർശിച്ച വകുപ്പിൽ എത്ര സംഖ്യ ബോർഡിൽ നിന്ന് ഏകദേശം കൊടുക്കാനുണ്ടാകും ;

(ബി) അത് ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചതിൻെറ പേരിൽ ആണ് ?

ഉത്തരം

(എ) വിദ്യുച്ഛക്തി ബോർഡിൽ നിന്നും 97,457 രൂപ ചെലവായിട്ടുണ്ട്,

(ബി) കാനഡയും അമേരിക്കയും സന്ദർശിച്ചതിൻെറ പേരിലാണ്.

പാറപ്പുറത്ത് ഹരിജൻ സെറ്റിൽമെൻറ് വൈദ്യുതീകരിക്കുന്നതിന് നടപടി

1406. [2001] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് റൂറൽ ഡിവിഷനിലെ പാറപ്പുറത്ത് ഹരിജൻ സെറ്റിൽമെൻറ് വൈദ്യുതീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പണി എപ്പോൾ തുടങ്ങും ?

ഉത്തരം

(എ) ഉണ്ട് .

(ബി) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പിൻെറ ശുപാർശ കിട്ടുമ്പോൾ പണി തുടങ്ങുന്നതാണ്.

വർദ്ധിപ്പിച്ച കറണ്ട് ചാർജ്ജിൻെറ പലിശ അടയ്ക്കാത്തതുകൊണ്ട് തെരുവുവിളക്കുകൾ കത്തിക്കാത്ത പഞ്ചായത്തുകൾ

1407. [2002] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ച കറൻറ് ചാർജ്ജ് കുടിശികയില്ലാതെ അടച്ചു തീർത്ത പഞ്ചായത്തുകളിൽ പിഴയും പലിശയും സർചാർജ്ജും മാത്രം അടച്ചില്ലെന്ന കാരണത്താൽ എത്ര പഞ്ചായത്തുകളിൽ തെരുവു വിളക്കുകൾ കത്തിക്കാതെയുണ്ട് ;

(ബി) അതിൽ തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകൾ ഏതെല്ലാമാണ് ;

(സി) 4-6-1984-ൽ ഇതു സംബന്ധമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം നടന്നോ ;

(ഡി) എങ്കിൽ ആ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഈ തീരുമാനത്തിനെതിരായി തൃശ്ശൂർ ജില്ലയിലെ കൊരട്ടി, അന്നമനട, മറ്റത്തൂർ എന്നീ പഞ്ചായത്തുകളിൽ മാത്രം തെരുവു വിളക്കുകൾ കത്തിക്കാതിരുന്നതിനെപ്പറ്റി അന്വേഷണം നടത്തി ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly